# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 202 — 09.12.2014-ൽ മറുപടിയ്ക്ക്

## ഗവൺമെന്റ് പ്ലീഡർമാരുടെ നിയമനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ ആർ.രാജേഷ്<br>ശ്രീ എ.കെ.ബാലൻ<br>ശ്രീ കോലിയക്കോട്.എൻ.കൃഷ്ണൻ നായർ<br>ശ്രീ പി.ശ്രീരാമകൃഷ്ണൻ | ശ്രീ.കെ.എം.മാണി<br>ബഹു.ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |

| | | |
| --- | --- | --- |
| (എ) | സംസ്ഥാനത്ത് ഗവൺമെന്റ് പ്ലീഡർമാരെ നിയമിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | സർക്കാർ അഭിഭാഷകരുടെ നിയമനം 1978-ലെ കേരള ഗവൺമെന്റ് ലാ ആഫീസേഴ്സ് (നിയമനവും സേവന വ്യവസ്ഥകളും) കേസ് നടത്തിപ്പും ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള മാനദണ്ഡങ്ങൾക്കനുസരിച്ചാണ്.<br><br>ഹൈക്കോടതിയിൽ, പ്രസ്തുത ചട്ടത്തിലെ 5-ാം ചട്ടപ്രകാരം സീനിയർ ഗവൺമെന്റ് പ്ലീഡറായി നിയമിക്കപ്പെടുന്നതിന് കുറഞ്ഞത് അഭിഭാഷകനായി ഹൈക്കോടതിയിൽ 10 വർഷത്തെ പ്രാക്ടീസും ഗവൺമെന്റ് പ്ലീഡറായി നിയമിക്കപ്പെടുന്നതിന് അഭിഭാഷകനായി ഹൈക്കോടതിയിൽ 7 വർഷത്തെ പ്രാക്ടീസും ആവശ്യമാണ്.<br><br>സുപ്രീം കോടതിയിൽ സ്റ്റാൻഡിംഗ് കൗൺസലായി നിയമിക്കപ്പെടുന്നത് |

| | | |
|---|---|---|
| | | 1978-ലെ കേരള ഗവൺമെന്റ് ലാ ആഫീസേഴ്സ് (നിയമനവും സേവന വ്യവസ്ഥകളും) കേസ് നടത്തിപ്പും ചട്ടങ്ങളിലെ 13-ാം ചട്ടപ്രകാരമാണ്. സുപ്രീം കോടതിയിൽ സ്റ്റാൻഡിംഗ് കൗൺസലായി നിയമിക്കപ്പെടുന്നതിന് സുപ്രീം കോടതിയിലെ അഡ്വക്കേറ്റ്-ഓൺ-റെക്കോഡ് ആയി കുറഞ്ഞത് 3 വർഷത്തെ പ്രാക്ടീസ് ഉണ്ടായിരിക്കേണ്ടതാണ്.<br>യോഗ്യത, പരിചയം, സത്യസന്ധത, യശ്ശസ്, സ്വഭാവം, പൂർവ്വ ചരിത്രം എന്നിവ സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായത്തിൽ നിയമിക്കപ്പെടാൻ യോഗ്യരായവരെ ഉൾപ്പെടുത്തിയ ഒരു പാനൽ അഡ്വക്കേറ്റ് ജനറൽ അയച്ചുതരികയും ആയതിൽ നിന്ന് മന്ത്രിസഭ ആവശ്യമായ അഭിഭാഷകരെ നിയമിക്കുകയുമാണ് ചെയ്യുന്നത്.<br>ജില്ലാ കോടതിയിലും, സബ് കോടതിയിലും മറ്റും സർക്കാർ അഭിഭാഷകരായി നിയമിക്കുന്നത് പ്രസ്തുത ചട്ടത്തിലെ 8-ാം ചട്ടപ്രകാരമാണ്. പ്രസ്തുത ചട്ടത്തിലെ വ്യവസ്ഥകൾക്കനുസരിച്ച് ജില്ലാ കളക്ടർ ജില്ലാ ജഡ്ജിയുമായി കൺസൾട്ട് ചെയ്ത് തയ്യാറാക്കി നൽകുന്ന പാനലിൽ നിന്നാണ് ജില്ലാ കോടതിയിലും, സബ് കോടതിയിലും സർക്കാർ അഭിഭാഷകരെ നിയമിക്കുന്നത്.<br>പ്രസ്തുത ചട്ടത്തിലെ 11 എ ചട്ടം പ്രകാരമാണ് മോട്ടോർ ആക്സിഡന്റ്സ് ക്ലെയിംസ് ട്രൈബ്യൂണലിലെ സർക്കാർ അഭിഭാഷകരെ നിയമിക്കുന്നത്. ജില്ലാ കളക്ടർ പ്രസ്തുത ട്രൈബ്യൂണലിലെ പ്രിസൈഡിംഗ് ആഫീസറുമായി കൺസൾട്ട് ചെയ്ത് തയ്യാറാക്കി നൽകുന്ന പാനലിൽ നിന്നുമാണ് സർക്കാർ അഭിഭാഷകരെ നിയമിക്കുന്നത്.<br>പ്രസ്തുത ചട്ടത്തിലെ 10-ാം ചട്ട പ്രകാരമാണ് മുൻസിഫ് കോടതി സെന്ററുകളിലെ സർക്കാർ അഭിഭാഷകരെ നിയമിക്കുന്നത്. |

| | | |
|---|---|---|
| | | ജില്ലാ കളക്ടർ പ്രിസൈഡിംഗ് ആഫീസറോടോ, കോടതിയോടോ കൺസൾട്ട് ചെയ്ത് തയ്യാറാക്കി നൽകുന്ന പാനലിൽ നിന്നാണ് മുൻസിഫ് കോടതി സെന്ററുകളിലെ സർക്കാർ അഭിഭാഷകരെ നിയമിക്കുന്നത്. |
| (ബി) | ഗവൺമെന്റ് പ്ലീഡർമാരുടെ എണ്ണം കൂടുതലാണെന്നും അവരുടെ പ്രകടനം വിലയിരുത്തണമെന്നുമുള്ള ഹൈക്കോടതി നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഉണ്ട് |
| (സി) | ഇക്കാര്യത്തിൽ അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം അറിയിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ; | ഇതു സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിനോട് ഹൈക്കോടതിയിലെ സർക്കാർ അഭിഭാഷകരുടെ കാര്യക്ഷമത, പ്രവർത്തനം എന്നിവ സംബന്ധിച്ച് ഒരു റിപ്പോർട്ട് നൽകുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിനുള്ള മറുപടി ലഭിച്ചിട്ടില്ല. |
| (ഡി) | ഈ സർക്കാരിന്റെ കാലത്ത് കേസുകളിൽ സർക്കാർ താൽപര്യത്തിനു വിരുദ്ധമായ സമീപനം ഗവൺമെന്റ് പ്ലീഡർമാർ സ്വീകരിക്കുന്ന സ്ഥിതിയുണ്ടായിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? | കേസുകൾ കൈകാര്യം ചെയ്യുന്ന വിഷയത്തിൽ ഗവൺമെന്റ് പ്ലീഡർമാരുടെ ഭാഗത്തു നിന്നും അത്തരം സമീപനം ഉണ്ടായിട്ടില്ല. |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ആഫീസർ